**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3017 — 18.06.2018 ൽ മറുപടിക്ക്

**തോട്ടണ്ടി ഇറക്കുമതി ചുങ്കം**

| ചോദ്യം<br>ശ്രീ.അടൂർ പ്രകാശ് | | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാർ തോട്ടണ്ടിയുടെ ഇറക്കുമതി ചുങ്കം 5 ശതമാനത്തിൽ നിന്നും 2.5 ശതമാനമായി കുറച്ചത് ഇറക്കുമതിയെ ആശ്രയിച്ച് നടത്തുന്ന കശുവണ്ടി വ്യവസായത്തിന് ഗുണകരമായിട്ടുണ്ടോ;ചുങ്കം പൂർണ്ണമായി ഒഴിവാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഇറക്കുമതിചുങ്കം 2.5 ശതമാനമായി കുറച്ചത് വ്യവസായത്തിനു ഗുണകരമാണെങ്കിലും പൂർണ്ണമായി ഒഴിവാക്കിയാൽ മാത്രമേ ഈ മേഖല നേരിടുന്ന പ്രതിസന്ധിക്ക് ഒരുപരിധിവരെയെങ്കിലും പരിഹാരമാവുകയുള്ളൂ. ഇറക്കുമതി ചുങ്കം പൂർണ്ണമായി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് കേരളസർക്കാർ കേന്ദ്രത്തിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്മേൽ കേരള സർക്കാർ സമ്മർദ്ദം ചെലുത്തിവരുന്നു. |
| (ബി) | തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പ്രസ്തുത വ്യവസായത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | കൃഷി വകുപ്പിന്റെയും പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും ഫാമിൽ നിന്ന് തോട്ടണ്ടി സംഭരിക്കുന്നതിന് ഈ സീണസിൽ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ എത്ര മെട്രിക് ടൺ സംഭരിക്കുവാൻ കഴിഞ്ഞു; | (സി) | കശുവണ്ടി വികസന കോർപ്പറേഷന് വിവിധ സർക്കാർ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ നിന്നും 2018 വർഷം സംഭരിച്ച തോട്ടണ്ടിയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>വിവിധ ഗവൺമെന്റ് ഫാമുകളിൽ നിന്ന് - 29389.7 kgs<br><br>ആറളം ഫാമിൽ നിന്ന് - 173886.5 kgs<br><br>പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് NM Agency മുഖാന്തിരം - 215985 kgs<br>പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്ന് NM Agency മുഖാന്തിരം ചീമേനിയിൽ നിന്ന് - 105644.5 kgs |

| | | | |
|---|---|---|---|
| | | | ആകെ 524.905 MT<br><br>ടെന്റർ മുഖാന്തിരം 3150.383 MT<br>ആകെ 3675.288 MT<br>കാപ്പെക്സ് ഇതുവരെയായി ഈ-ടെൻഡർ മുഖാന്തിരവും (1690MT), ആറളം ഫാമിൽ നിന്നും(60 MT) കർഷകരിൽ നിന്നും (160 MT) ആകെ 1910 MT നാടൻ തോട്ടണ്ടി ശേഖരിച്ചിട്ടുണ്ട് |
| (ഡി) | പ്ലാന്റേഷൻ കോർപ്പറേഷൻ അവരുടെ തോട്ടങ്ങളിലെ തോട്ടണ്ടി ലേലം ചെയ്യുന്നത് സംഭരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ടെണ്ടർ വ്യവസ്ഥയിൽ മാറ്റം വരുത്തണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ; | (ഡി) | ഉണ്ട്. ഭാവിയിൽ സർക്കാർ തോട്ടങ്ങളിലും സ്ഥാപനങ്ങളിലും ലഭ്യമായ തോട്ടണ്ടി സർക്കാർ സ്ഥാപനങ്ങളായ കോർപ്പറേഷനും കാപ്പെക്സിനും ലഭിക്കുന്നുണ്ടെന്ന കാര്യം ഉറപ്പുവരുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | കശുവണ്ടി ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിന് നിലവിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് കാഷ്യു ബോർഡ് അഭിമുഖീകരിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ? | (ഇ) | സർക്കാർ (G to G) സംവിധാനത്തിലൂടെ തോട്ടണ്ടി സംഭരിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ആഫ്രിക്കൻ രാജ്യങ്ങളിൽ ടെന്റർ വിളിച്ച് തോട്ടണ്ടി നേരിട്ട് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ